പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.787 — 11-06-2014 - ൽ മറുപടിയ്ക്ക്

## ജലസ്രോതസ്സുകളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനും, കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും ഇനി എന്തെല്ലാം പദ്ധതികൾ ലക്ഷ്യം വയ്ക്കുന്നു എന്നും വിശദമാക്കുമോ ; | (എ) കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിന് കുളങ്ങൾ, കായലുകൾ, നദികൾ എന്നീ പ്രധാന ജലസ്രോതസ്സുകളുടെ സംരക്ഷണ-പുന:രുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു. കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് പ്രദേശിക ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് മുൻഗണന നല്കുന്നു. നദീജലം സ്രോതസ്സായി ഉപയോഗിക്കുന്ന കുടിവെള്ള പദ്ധതികൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനും, ഓരു ജലം കയറി കുടിവെള്ള പദ്ധതികളുടെ പമ്പിംഗ് ബുദ്ധിമുട്ടിലാകുന്നത് ഒഴിവാക്കാനുമായി നദികൾക്ക് കുറുകെ തടയണകൾ നിർമ്മിച്ചുവരുന്നു. കുടിവെള്ള ജലസ്രോതസ്സുകൾ മലിനമാകാതിരിക്കാൻ വർദ്ധിച്ചതോതിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ആവശ്യമാണ്, ഇക്കാര്യം പ്രാദേശിക തലത്തിൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും. കേരള ജലസേചന-ജലസംരക്ഷണ ആക്ട്, ഭേദഗതിയിലൂടെ രൂപം കൊടുക്കാനുദ്ദേശിക്കുന്ന നദീ-തണ്ണീർത്തട അതോറിറ്റിയുടെ ചുമതലകളിൽ ജലസ്രോതസ്സുകളിലെ മലിനീകരണം തടയുന്നതിനുള്ള ചുമതല കൂടിയുണ്ട്. |
| (ബി) കുളങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവയുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ ; | (ബി) കുളങ്ങളുടെ സംരക്ഷണത്തിന് കേന്ദ്ര പദ്ധതിയായ RRR of Ponds പദ്ധതിയുടെ രൂപരേഖ പ്രകാരം പദ്ധതി രേഖ തയ്യാറാക്കി സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കായലുകളുടെ സുസ്ഥിര വികസനം ലക്ഷ്യമിട്ട് CWRDM - കോഴിക്കോട്, NCESS - തിരുവനന്തപുരം എന്നീ ഗവേഷണ സ്ഥാപനങ്ങൾ മാനേജ്മെന്റ് ആക്ഷൻപ്ലാൻ തയ്യാറാക്കിവരുന്നു. |

| | | | |
|---|---|---|---|
| (സി) | നദികളുടെ മലിനീകരണം തടയാൻ നദീതട അതോറിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം ലക്ഷ്യമിട്ട് 'നദീ-തണ്ണീർത്തട അതോറിറ്റി' രൂപീകരിക്കുന്നതിന് കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ (ഭേദഗതി) ബില്ലിൽ വ്യവസ്ഥയുണ്ട്. നദികളിലെ മലിനീകരണം തടയുന്നതിനുള്ള വകുപ്പുകൾ പ്രസ്തുത ബില്ലിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. ബില്ലിന് നിയമപ്രാബല്യം കൈവന്നാൽ 'നദീതട അതോറിറ്റികൾ' രൂപീകരിക്കാൻ കഴിയും. |

**സെക്ഷൻ ഓഫീസർ.**